**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2792** **06-10-2025 - ൽ മറുപടിയ്ക്ക്**

**നെൽകർഷകരുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | നെൽകർഷകരുടെ ഉന്നമനത്തിനായി സഹകരണ വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വിശദമാക്കാമോ? | (എ) | കേരളത്തിലെ നെൽ കർഷകരുടെ പ്രതിസന്ധി പരിഹരിക്കും വിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) അംഗങ്ങളായി സഹകരണ മേഖലയിൽ പാലക്കാട് പാഡി പ്രോക്യുർമെന്റ് പ്രോസസിംഗ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി **(PAPCOS),** കേരള പാഡി പ്രോക്യുർമെന്റ് പ്രോസസിംഗ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4505 **(KAPCOS)** എന്നീ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.<br><br>**കേരള പാഡി പ്രൊക്യുർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS)**<br><br>കേരള സംസ്ഥാനത്തെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ച്, സംസ്കരിച്ച് കാർഷിക ഉൽപ്പന്നങ്ങൾ ജില്ലക്ക് അകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണ ശാലകൾ എന്നിവ സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും, സംഘം പ്രവർത്തന പരിധിയിൽപെട്ട മുഴുവൻ നെൽ കൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തന പരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ അംഗങ്ങളായി കേരള പാഡി പ്രൊക്യുർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് |

| | | | |
|---|---|---|---|
| | | | സൊസൈറ്റി ക്ലിപ്തം നമ്പർ. 4505 (KAPCOS) എന്ന സഹകരണ സംഘം 2021 ആഗസ്റ്റ് 27ന് രൂപീകരിച്ചു. സംഘത്തിന്റെ നേതൃത്വത്തിൽ ആധുനിക റൈസ് മില്ല് സ്ഥാപിക്കുന്നതിന് നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു.<br><br>**<u>പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS)</u>**<br><br>പാലക്കാട്ടെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കും വിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിച്ചു. അതിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനായുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>ടി സംഘങ്ങളുടെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനുള്ള പദ്ധതി പൂർണ്ണപഥത്തിലെത്തുന്നതോടെ കേരളത്തിലെ **67** ശതമാനത്തോളം വരുന്ന നെല്ലുൽപാദനത്തിന്റെ **39.90%** പാലക്കാട് ജില്ലയിൽ നിന്നും, **26.64%** കുട്ടനാട്, അപ്പർ കുട്ടനാട് എന്നിവിടങ്ങളിൽ നിന്നുള്ള കർഷകരിൽ നിന്നും സംഭരിക്കുവാൻ സാധിക്കുന്നതും, സംസ്കരിച്ച് വിപണനം നടത്തുവാൻ സാധിക്കുന്നതുമാണ്. കൂടാതെ ടി സംഘങ്ങളുടെ പ്രവർത്തനപരിധിയിൽപ്പെട്ട മുഴവൻ നെൽ കർഷകർക്കും വിത്തുകൾ, തൈകൾ, വളങ്ങൾ, ആധുനിക കൃഷിയുപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനും ആധുനിക കൃഷി സമ്പ്രദായങ്ങൾ വ്യാപിപ്പിക്കുവാനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ